Mathrubhumi മാതൃഭൂമി

03 February 2022

# ഇന്ത്യൻ തീരത്ത് പുതിയ ഇനം വറ്റ

## കണ്ടെത്തിയത് സി.എം.എഫ്.ആർ.ഐ.

**കൊച്ചി▸** ഇന്ത്യയുടെ മത്സ്യ സമ്പത്തിലേക്ക് പുതിയ ഒരു അംഗം കൂടി. വറ്റ കുടുംബത്തിൽ പെട്ട പുതിയ മീനിനെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്ആർ.ഐ.) കണ്ടെത്തി.

വറ്റകളിൽതന്നെയുള്ള 'ക്വീൻഫിഷ്' വിഭാഗത്തിൽ പെടുന്ന ഈ മീനിനെ ശാസ്ത്രീയ പഠനങ്ങളിലൂടെയാണ് പുതിയ മത്സ്യമാണെന്ന് സി.എം.എഫ്ആർ.ഐ. തിരിച്ചറിഞ്ഞത്. 'സ്കോംബറോയിഡ്സ് പെലാജിക്കസ്' എന്നാണ് സി.എം.എഫ്.ആർ.ഐ.യിലെ ശാസ്ത്രജ്ഞർ ഈ മീനിന് പേരിട്ടിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്കിടയിൽ പോളവറ്റ എന്നാണ് വിളിപ്പേര്.



ഇന്ത്യൻ തീരങ്ങളിൽ അറുപതോളം വറ്റയിനങ്ങളുണ്ട്. അവയിൽ നാല് ക്വീൻഫിഷുകളാണ് ഉണ്ടായിരുന്നത്. അഞ്ചാമത് ക്വീൻഫിഷാണ് പുതുതായി കണ്ടെത്തിയ പോളവറ്റ. നേരത്തെ ഈ വിഭാഗത്തിൽ പെട്ട മൂന്ന് മീനുകൾക്ക് വംശനാശം സംഭവിച്ചിരുന്നു. ഇത്തരത്തിൽ അടുത്ത കാലത്തായി പല മീനുകൾക്കും വംശനാശം സംഭവിക്കുമ്പോൾ സമുദ്ര ജൈവവൈവിധ്യത്തിന് ശക്തി പകരുന്നതാണ് പോളവറ്റയുടെ കണ്ടെത്തലെന്ന് മീനിനെ കണ്ടെത്താൻ നേതൃത്വം നൽകിയ സി.എം.എഫ്.ആർ.ഐ.യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുസ്സമദ് പറഞ്ഞു. സമുദ്ര സമ്പത്തിന്റെ പരിപാലന രീതികളിൽ കൃത്യത വരുത്തുന്നതിനും സി.എം.എഫ്.ആർ.ഐ.യുടെ പുതിയ നേട്ടം സഹായകരമാകും.

കേരളത്തിലുൾപ്പെടെ ധാരാളമായി പിടിക്കപ്പെടുന്ന മത്സ്യമാണിത്. വിപണിയിൽ കിലോയ്ക്ക് 250 രൂപ വരെ വിലയുണ്ട്.